**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3915** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളുടെ ശുചിത്വവും വൃത്തിയും ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആർദ്രം മിഷൻ പദ്ധതിയിലൂടെ നവീകരിച്ചു വരുന്ന ആരോഗ്യകേന്ദ്രങ്ങളുടെ ശുചിത്വവും വൃത്തിയും ഉറപ്പുവരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയോ ആശുപത്രി വികസന സമിതി ഫണ്ട് വിനിയോഗിച്ചോ കുടുംബശ്രീ/എംപ്ലോയ്മെന്റ് എന്നിവിടങ്ങളിൽ നിന്ന് താല്കാലിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | ആരോഗ്യ മേഖലയിൽ പ്രാദേശിക തലത്തിൽ ഇടപെടൽ നടത്തുന്നതിന് നിരവധി പദ്ധതികൾ ഏറ്റെടുക്കാൻ പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ.ഉ (കൈ) നം. 84/2022/തസ്വഭവ തീയതി. 19.04.2022, സ.ഉ (കൈ) നം. 86/2022/തസ്വഭവ തീയതി.19.04.2022, സ.ഉ (കൈ) നം. 115/2022/തസ്വഭവ തീയതി. 28.05.2022 എന്നീ മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൈമാറി കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതീക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പ്രത്യേക സാഹചര്യങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ ഉൾപ്പെടെ ജീവനക്കാരെ നിയമിച്ച് വേതനം നൽകുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ മേഖലയിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനും, മറ്റ് പദ്ധതികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടും മാർഗ്ഗരേഖ വ്യവസ്ഥകളിൽ വ്യക്തത വരുത്തികൊണ്ട് സർക്കാർ 25.10.2023 ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.<br><br>കേരള സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി, അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തനപരമായ മാറ്റങ്ങളും എഫ്.എച്ച്.സികളിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള മറ്റ് ആശുപത്രികളിലും കൊണ്ടുവന്നിട്ടുണ്ട്. കേരള സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി എച്ച്.എം.സി രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ആയത് പ്രകാരം നിർണ്ണായകമായ മാനവവിഭവശേഷി നൽകൽ, സൗജന്യ ഭക്ഷണം, കാന്റീൻ, ആശുപത്രിയിലെ ശുചിത്വ പരിപാലനം, സബ്സിഡിയോടെയുള്ള മെഡിക്കൽ ഷോപ്പ് സേവനങ്ങൾ, ജനറൽ സ്റ്റോർ, അലക്കു സേവനങ്ങൾ, ആശുപത്രി സേവനങ്ങളുടെ ഗുണനിലവാരം നിരീക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ എച്ച്.എം.സിയ്ക്ക് ഏറ്റെടുക്കാൻ കഴിയും.<br><br>ആശുപത്രികളുടെ ശുചിത്വം ഉറപ്പാക്കാൻ നിലവിൽ പാർട്ടൈം സ്വീപ്പർമാരുണ്ട്. കൂടാതെ. ആവശ്യമുണ്ടെങ്കിൽ, പ്രസ്തുത ആവശ്യത്തിനായി ജീവനക്കാരെ നിയമിക്കാൻ എച്ച്.എം.സിയ്ക്ക് തീരുമാനിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ